# ഒരു പള്ളി ഉണ്ടാകുന്നത്

ഡോ. എം. കുര്യൻ തോമസ്

**മാ**ർത്തോമ്മാ ശ്ലീഹാ കേരളത്തിലെ തുറമുഖങ്ങളിൽ സ്ഥാപിച്ച പരിമിത സംഖ്യ സഭ (പള്ളി) കൾ വികസിച്ചാണ് ഇന്നു കാണുന്ന നിലയിലേയ്ക്ക് നസ്രാണി ദേവാലയങ്ങളുടെ എണ്ണം വർദ്ധിച്ചത്. ആവാസ മേഖലയുടെ വികസനം, സാമ്പത്തികോന്നമനം എന്നിവയാണ് എക്കാലത്തും പുതിയ നസ്രാണി ദേവാലയങ്ങൾ സ്ഥാപിക്കപ്പെടുവാൻ കാരണമായിട്ടുള്ളത്. കൂറുപിണക്കങ്ങളും തീർത്തും അഗണ്യമല്ലാത്തവിധം നവ ദേവാലയ സ്ഥാപനത്തെ സ്വാധീനിച്ചിട്ടുള്ള ഘടകമാണ്.

കേരളത്തിലെ ജല-കര പാതാപ്രാന്തങ്ങളിലെ പുതിയ നസ്രാണി ആവാസകേന്ദ്രങ്ങളാണ് രണ്ടാംഘട്ട ദേവാലയങ്ങളുടെ ആസ്ഥാനങ്ങളായത്. ഒരു നസ്രാണി ജനപഥം രൂപമെടുക്കുക, അത് *അങ്ങാടി* എന്ന നിയതമായ സംഘടിതരൂപം പ്രാപിക്കുക, അങ്ങാടിയിൽ ഒരു പള്ളി സ്ഥാപിക്കപ്പെടുക. ഇതായിരുന്നു ഈ പ്രക്രിയയിൽ പൊതുവെയുള്ള ഘട്ടങ്ങൾ. ഇവിടെല്ലാം *അങ്ങാടി* എന്ന വ്യക്തമായി നിർദ്ധാരണം ചെയ്യപ്പെട്ട അസ്ഥിത്വം (Entity) ആയിരുന്നു നസ്രാണിക്കൂട്ടത്തിന്റെ അടിസ്ഥാന ഘടകം.

അങ്ങാടികളുടെ ഭൂമിശാസ്ത്ര പരിമിതികൾക്കു പുറത്തേക്ക് അങ്ങാടിക്കൂട്ടം സംക്രമിക്കുന്നതിലൂടെയാണ് പുതിയ അങ്ങാടികൾ രൂപമെടുക്കുന്നത്. *കുടികൾ* എന്ന പേരിലാണ് പുതിയ അങ്ങാടികൾ സ്ഥാപിക്കപ്പെടുന്നതിനു മുമ്പുള്ള അവസ്ഥയിൽ അത്തരം അങ്ങാടി-ബാഹ്യ നിവാസികൾ അറിയപ്പെട്ടിരുന്നത്. പുതിയ അങ്ങാടി/പള്ളി രൂപീകരിക്കപ്പെടുന്നതുവരെ അവർ പഴയ അങ്ങാടിയുടെ ഭാഗമായിരുന്നു. ഇന്നത്തെ ഗ്രീക്കോ-റോമൻ സഭാവിജ്ഞാനീയപ്രകാരമുള്ള ഗാഢ നിത്യബന്ധമൊന്നും നസ്രാണികളും പള്ളിയുമായി ഉണ്ടായിരുന്നില്ല. ഒരു സാമൂഹ്യഘടന എന്നതായിരുന്നു അങ്ങാടി/ പള്ളിയുടെ നില. പക്ഷേ ഇത് അനിവാര്യവും ബന്ധവിച്ഛേദനം അസാദ്ധ്യവുമായിരുന്നു. വീടിനടുത്തു പള്ളിയും, വൈദികരുടെ തുടർച്ചയായ അജപാലനവുമൊന്നും കൊളോണിയൽ-പൂർവ നസ്രാണി പവിത്രതാ സങ്കൽപ്പത്തിൽ പ്രസക്തമല്ലായിരുന്നു. പുതിയ അങ്ങാടി രൂപംകൊള്ളുമ്പോൾ പുതിയ പള്ളി എന്നത് ഒരു സ്വാഭാവിക പ്രക്രിയ ആയിരുന്നു.

എങ്കിലും വിവിധ കാരണങ്ങളാൽ സമീപസ്ഥങ്ങളായി ഒന്നിലധികം പള്ളികൾ ഉണ്ടാകുമായിരുന്നു. വിവിധതരത്തിലുള്ള കൂറുമൽസരങ്ങളായിരുന്നു ഇതിനു കാരണം. കോട്ടക്കാവ്-വടക്കൻ പറവൂർ, കോട്ടയം-വലിയ, ചെറിയ എന്നീ പള്ളികളുടെ ചരിത്രം പരിശോധിച്ചാൽ ഇതു വ്യക്തമാകും. പക്ഷേ അവിടെയും *അങ്ങാടി* എന്ന സ്വത്വം ഒരു നിർണ്ണായക ഘടകമായിരുന്നു. കേരളത്തിലെ അസംഖ്യം നാടുവാഴികളുടെ അധികാരസീമയും ഇത്തരം പള്ളിസ്ഥാപനത്തെ സ്വാധീനിച്ചിട്ടുണ്ട്. മുളന്തുരുത്തി - കണ്ടനാട്, കോഴഞ്ചേരി-മാരാമൺ തുടങ്ങിയവ സമീപസ്ഥമാണെങ്കിലും വ്യത്യസ്ത രാഷ്ട്രീയാധികാരത്തിനു കീഴിലായിരുന്നു. വിരുദ്ധങ്ങളായ രാഷ്ട്രീയ അധികാരങ്ങളും പള്ളികളും അക്കാലത്ത് പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. കോതമംഗലം വലിയ-ചെറിയ പള്ളികൾ രണ്ട് അങ്ങാടികളുടെ സംയുക്ത നിയന്ത്രണത്തിലായിരുന്നു. രണ്ടു നാട്ടു രാജ്യങ്ങളിലായിരുന്ന ഈ അങ്ങാടികളും പള്ളികളും കൂട്ടുഭരണത്തിൽ പ്രശ്ന സങ്കീർണ്ണമായി. അതിനേത്തുടർന്ന് പതിനാറാം നൂറ്റാണ്ടിൽ ജാതിക്കുതലവനായ ഇട്ടിക്കുര്യത് അർക്കദ്യക്കോന്റെ മദ്ധ്യസ്ഥതയിൽ രണ്ടു പള്ളികളും അങ്ങാടികളും സ്വതന്ത്രമാക്കി ഓരോ പള്ളിയും അതത് അങ്ങാടിയുടെ മാത്രം ഭരണത്തിലാക്കിയാണ് പ്രശ്നം പരിഹരിച്ചത്. രാഷ്ട്രീയ ഭൂപടത്തിന്റെ പ്രസക്തി മനസിലായതിനാലാണ് 1804-ൽ കുന്നംകുളം അങ്ങാടിയുടെ ഒരു ഭാഗം പണ്ടാരവക ജന്മമാക്കിയ ശക്തൻ തമ്പുരാൻ അതിനുള്ളിലെ അന്തിമഹാളൻകാവ് പള്ളിയാക്കാൻ ദാനം ചെയ്തത്.

നസ്രാണി സമൂഹത്തെ ഗ്രീക്കോ-റോമൻ സഭാവിജ്ഞാനീയപ്രകാരം പുനർനിർണ്ണയിക്കുകയും അവരെ വൈദികഭരണത്തിനു വിധേയമാക്കുകയും ചെയ്യാൻ ശ്രമിച്ച ഉദയംപേരൂർ സുന്നഹദോസാണ് ഈ വിഷയത്തിൽ ഒരു നിയമനിർമ്മാണത്തിന് ശ്രമിച്ചത്. സുന്നഹദോസിന്റെ ഏഴാം മൌത്വാ. ഏഴാം കൂടിവിജാരം രണ്ടാം കാനോനാ പ്രകാരം ... *പള്ളികളെ എടവകയായി തിരിപ്പാനും അതത് എടവകയിൽ വേണ്ടുംപോൾ ഓരോരിത്തരെ നിർത്തുവാനും നീക്കുവാനും മേല്പട്ടക്കാരനെ ആവൂ...* യഥാർത്ഥത്തിൽ ഇന്നത്തെ അർത്ഥത്തിലുള്ള *ഇടവക* അവതരിപ്പിച്ചതുപോലും ഇക്കാലത്താണ്. പക്ഷേ റോമൻ കത്തോലിക്കർ വിഭാവനം ചെയ്തതുപോലെ പൂർണ്ണമായും അത് നടപ്പാക്കാൻ സാധിച്ചില്ല.

പതിനാറാം നൂറ്റാണ്ടിൽ നസ്രാണിക്കുണ്ടായ സാമ്പത്തിക ഉന്നമനവും പുതിയ അങ്ങാടികളുടെ രൂപീകരണവും അനേകം പള്ളികളുടെ സ്ഥാപനത്തിനു കാരണമായെങ്കിലും അടുത്ത രണ്ടു

നൂറ്റാണ്ടുകളിൽ ഈ രംഗങ്ങളിൽ തികഞ്ഞ മുരടിപ്പാണ് കാണുന്നത്. ഇക്കാലത്ത് മാർ ഈവാനിയോസ് ഹദിയള്ള, വലിയ മാർ ദീവന്നാസ്യോസ് എന്നിവർ സ്വന്ത താത്പര്യപ്രകാരം സ്ഥാപിച്ച റാക്കാട്, പുത്തൻകാവ് എന്നീ പള്ളികൾ ഇടവകകളായി പരിണമിച്ചത് തികച്ചും ഒരു സ്വാഭാവിക പ്രക്രിയ മാത്രമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ നസ്രാണികളുടെ മുഖ്യ ജീവനോപാധി കൃഷി ആയി മാറിയതോടെ അങ്ങാടികൾക്കു പുറത്ത് പുതിയ ആവാസകേന്ദ്രങ്ങൾ രൂപമെടുത്തു. അതോടെ കൂടുതൽ പള്ളികളും സ്ഥാപിക്കപ്പെട്ടു. രസകരമായ വസ്തുത, മാതൃ ഇടവകയിലേയ്ക്കുള്ള ദൂരത്തേക്കാൾ, നേരിട്ട അവഗണനയാണ് ഇവയിൽ പല പള്ളികളുടേയും സ്ഥാപനത്തിനു കാരണമായി അറിയപ്പെടുന്നത്. ഇക്കാലത്ത് പള്ളിയോടടുത്ത അങ്ങാടികൾ ദുർബലമാവുകയും കർഷകരായ നവപ്രമാണി വർഗ്ഗം ഉയർന്നുവരികയും ചെയ്തു എന്നതാണ് ഇതിന്റെ സാമൂഹിക പശ്ചാത്തലം.

പ്രദേശവാസികളുടെ സ്വതാത്പര്യത്തിനുപരി പുതിയ ഇടവകകളുടെ രൂപീകരണത്തിനു ഒരു മാനദണ്ഡം രൂപീകരിച്ചത് *1853-ലെ ചട്ടവര്യോല*യാണ്. അതിന്റെ പത്തൊമ്പതാം കാനോനാപ്രകാരം *...ഇടവകപള്ളിവിട്ട ധൂരത്ത ഇടവകക്കാററുണ്ടായിരിയ്ക്കയും, ഏകദെശം നൂറു വീട്ടുകാററുവരെ ഉണ്ടായിരിക്കയും ചെതാൽ, അങ്ങിനെഉള്ള സ്ഥലങ്ങളിൽ പള്ളി വയ്പ്പിക്കണം.* അവിടെ ഇടവക തിരിക്കേണ്ടത് അരെന്നു പറയുന്നില്ലാ എങ്കിലും 56-ാം കാനോനായിലോ ... *ഒരിടവകയിൽ കൂടുന്ന യാതൊരുത്തനെ എംകിലും മറു ഇടവകയിൽ കൂടിനടക്കണമെന്നു അപെക്ഷയുണ്ടായിരുന്നാൽ, മെത്രാപൌലീത്തായെ ബൊധിപ്പിച്ച വിചാരണ കഴിച്ച, അതിന്മണ്ണം ദിഷ്ടതിപെട്ടിരിക്കുന്നു എന്ന തെളിഞ്ഞ, കല്പന വരുന്ന തിന്മണ്ണമല്ലാതെ കൂട്ടിനടത്തിപൊകരുത.* ... എന്ന പരാമർശനത്തിൽനിന്നും അതിനുള്ള അധികാരം മെത്രാപ്പോലീത്തായ്ക്കാണെന്നു സിദ്ധിക്കുന്നു. കൊല്ലവർഷം 1004 മകരം 23-ലെ തിരുവിതാംകൂർ രാജകീയ വിളംബരപ്രകാരം ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് മുൻകൂർ സർക്കാർ അനുവാദം നിർബന്ധമാക്കി. അതോടെ മെത്രാപ്പോലീത്തായുടെ അനുവാദ കല്പനയും പള്ളിസ്ഥാപനത്തിന് അനിവാര്യമായി.

ഈ പ്രക്രിയയിലൊന്നിലും മാതൃ ഇടവകയുടെ സ്ഥാവരസ്വത്ത് വീതം വയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല എന്നു പറയാം. പക്ഷേ ഇടവക പൊതുയോഗത്തിന്റെ നിയന്ത്രണം പൊതുസ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തെപ്പോലും ബാധിക്കുമെന്ന ഭയം പൊതുവെ ഉണ്ടായിരുന്നു. അതിനാലാണ് തെക്ക് ഒരു പൊതുസ്ഥലം എന്ന ലക്ഷ്യത്തോടെ പണികഴിപ്പിച്ച തഴക്കര സെമിനാരി പൊതുവിലേയ്ക്കു പൂർണ്ണമായി വിട്ടുകൊടുക്കാൻ മാവേലിക്കര പള്ളിയോഗം തയാറാകാതിരുന്നതിനെത്തുടർന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ അതുപേക്ഷിച്ച് പരുമല സെമിനാരി സ്ഥാപിച്ചത്. വാകത്താനം കാരുചിറ ഗീവർഗീസ് റമ്പാൻ മെത്രാനായതോടെ വാകത്താനത്തുപള്ളിയുടെ കുരിശുപള്ളിയും, തന്റെ ആസ്ഥാനവുമായ വള്ളിക്കാട്ടു പള്ളി (ദയറാ) തന്റെ സ്വാതന്ത്ര്യത്തിൽ വിട്ടുതരണമെന്ന് വാകത്താനം പള്ളിയോഗത്തോട് ആവശ്യപ്പെട്ടതായി രേഖയുണ്ട്. മുളന്തുരുത്തി പള്ളിക്കാർ പൊതുവകയിലേയ്ക്ക് വിട്ടുകൊടുത്ത വെട്ടിക്കൽ ദയറാ പിന്നീട് അവർ വീണ്ടും കൈവശപ്പെടുത്തി. അതിനെത്തുടർന്ന് മലങ്കര മെത്രാപ്പോലീത്തായുടെ അവകാശം സ്ഥാപിക്കുവാൻ കോടതിവ്യവഹാരം വരെ വേണ്ടിവന്നു. അത്രമാത്രം സങ്കീർണ്ണമായിരുന്നു ഇടവകപ്പള്ളി സ്വത്തുക്കളുടെ പുനർ വിന്യാസം.

എങ്കിലും അക്കാലത്തൊക്കെയും ഇടവക വിഭജനങ്ങൾ നടക്കുന്നുണ്ടായിരുന്നു. അപൂർവം സ്ഥാവര സ്വത്തുക്കളും വീതം വെച്ചിട്ടുണ്ട്. ഇവയൊക്കെയും ആത്യന്തികമായി വിവിധതരം ഒത്തുതീർപ്പുകളുടെ അടിസ്ഥാനത്തിലായിരുന്നു. അവയിൽ ഇടവക മെത്രാപ്പോലീത്താമാരുടെ നീതിയുക്തമായ മദ്ധ്യസ്ഥതയ്ക്ക് സുപ്രധാന പങ്കുണ്ടായിരുന്നു. ഇടവക വിഭജനങ്ങൾ പ്രശ്നസങ്കീർണ്ണങ്ങളാക്കുന്നതിൽ എക്കാലത്തും വൈദികരുടെ പക്ഷപാതപരമായ പ്രവർത്തനങ്ങൾക്ക് പങ്കുണ്ടായിരുന്നു. പ്രദേശവാസികളുടെ പൂർണ്ണ സഹകരണവും ഇടവക മെത്രാപ്പോലീത്തായുടെ ധിഷണാശക്തിയും സമഞ്ജസിച്ചപ്പോൾ പുതിയ ഇടവക രൂപീകരണം സുഗമമായി നടന്ന ചരിത്രവുമുണ്ട്. കണ്ടനാട് ഭദ്രാസനത്തിൽപ്പെട്ട പിറവം പള്ളിയുടെ ചാപ്പലായിരുന്ന വടയാപറമ്പ്, കൊച്ചി ഭദ്രാസനത്തിലെ ഇടവകപ്പള്ളിയായത് മുളയിരിക്കൽ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ യുക്തിപൂർവമായ ഇടപെടലുകൾ കൊണ്ടാണ്.

ഇതിനിടയിൽ ഉണ്ടായ ഒരു പരിണാമമാണ് സ്വതന്ത്ര ചാപ്പലുകൾ. മാതൃ ഇടവകയിൽ അംഗങ്ങളായി തുടരുമ്പോൾ തന്നെ പ്രാദേശികമായി സ്വതന്ത്ര (autonomus) ചാപ്പൽ സ്ഥാപിക്കുക എന്നതാണത്. ഇവയുടെ സ്വയംഭരണത്തിന് വിവിധ നിലകളുണ്ട്. സ്വന്തം കമ്മിറ്റിയും സാമ്പത്തിക ക്രമീകരണവും വരെയുള്ള സ്വതന്ത്ര ചാപ്പലുകളുണ്ട്. കോലഞ്ചേരി പള്ളിയുടെ ചാപ്പലായ കോട്ടൂർ പള്ളിക്ക് സ്വന്തം സെമിത്തേരി പോലുമുണ്ട്. പക്ഷേ ആത്യന്തികമായി അവ മാതൃഇടവകയുടെ ഭാഗം തന്നെയാണ്. ഏതാണ്ട് പൂർണ്ണമായുംതന്നെ വിജയകരം എന്നു പറയാവുന്നവയാണ് സ്വതന്ത്ര ചാപ്പലുകൾ എന്നാണറിവ്.

കാലചക്രം തിരിയുമ്പോൾ *ഒരിടവക* എന്ന കെട്ടുറപ്പിനു ഭംഗം വരും. ഇതിനു പല കാരണങ്ങൾ ഉണ്ട്. കുടുംബങ്ങളുടെ കൂറുമൽസരം ഇതിലെ ഒരു പ്രധാന ഘടകമായിരുന്നു. ഇന്ന് അതിനേക്കാൾ പ്രാധാന്യമർഹിക്കുന്നത് ഭരണപരവും സാമ്പത്തികവുമായ കാരണങ്ങളാണ്. പള്ളിയുടെ സമീപസ്ഥർ സ്ഥിരം ഭരണക്കാരായി വിദൂരസ്ഥ ഇടവകാംഗങ്ങളെ പാർശ്വവൽക്കരിക്കുന്നത് സാധാരണ സംഭവമാണ്. സാമൂഹ്യ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ ചിലപ്പോൾ വിദൂരപ്രാന്തങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തും. അപ്പോൾ സ്ഥിരം ഭരണക്കാർ അവരെ ചൂഷണം ചെയ്യുന്ന അവസ്ഥ സംജാതമാകും. പുതുതായി വളർന്നുവരുന്ന നവപ്രമാണി വർഗ്ഗം ഈ ഏകപക്ഷീയമായ മേൽക്കോയ്മ അംഗീകരിക്കാതെ വരുന്നതോടെ അസ്വസ്ഥതകൾ ഉടലെടുക്കുകയും ആത്യന്തികമായി അത് ഇടവക വിഭജനത്തിലേയ്ക്കു നീങ്ങുകയും ചെയ്യും.

മറ്റൊരു ഘടകം സാമ്പത്തികവും ഗതാഗത സൗകര്യവുമാണ്. ഇടവകയുടെ വിദൂരഭാഗങ്ങളിൽ മിക്കപ്പോഴും പ്രാർത്ഥനയോഗം - സണ്ടേസ്കൂൾ - ചാപ്പൽ എന്ന നിലയിൽ വളരുന്ന ഉപ ഘടകങ്ങൾ കാലാന്തരത്തിൽ സ്വതന്ത്ര ഇടവകകളാകാനുള്ള സാദ്ധ്യത വളരെ ഉയർന്നതാണ്. മാതൃദേവാലയത്തിലെ പാർശ്വവൽക്കരണവും തൽപ്രദേശക്കാരുടെ സാമ്പത്തികഭദ്രതയും ഈ പ്രക്രിയയെ ത്വരിതപ്പെടുത്തും. പുതിയ സ്ഥലവും കെട്ടിടവും സെമിത്തേരിയുമാണെങ്കിൽ മിക്കപ്പോഴും വലിയ പ്രശ്നങ്ങളില്ലാതെ നവ ഇടവക രൂപീകരണം വലിയ പ്രശ്നങ്ങളില്ലാതെ കടന്നുപോകും. പക്ഷേ സ്ഥാവര വസ്തു വിട്ടുകൊടുക്കുകയോ സെമിത്തേരി അവകാശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടിവരുമ്പോൾ പ്രശ്നങ്ങൾ ഏതാണ്ട് ഉറപ്പാണ്.

സെമിത്തേരി സഹകരണം കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇടവക രൂപീകരണം വരുമ്പോൾ അക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്തേ പറ്റു. സമീപകാലത്ത് യാതൊരു മാതൃ-പുത്രീ ബന്ധമില്ലാതിരുന്നിട്ടും മറ്റൊരിടവകയ്ക്ക് സ്വന്തം സെമിത്തേരിയിൽ ഇടംനൽകിയ ഒരു പള്ളിയെങ്കിലും മലങ്കരയിലുണ്ട്. കോട്ടയം ഭദ്രാസനത്തിലെ വടക്കൻമണ്ണൂർ പള്ളി. പാലാ പള്ളിക്ക് വ്യക്തമായ ലിഖിത കരാറിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഈ സഹകരണം ഇന്നും ഭംഗിയായി നടന്നുവരുന്നു. അത്രയും മാന്യതയെങ്കിലും മാതൃ ഇടവക കാട്ടണം.

സ്ഥാവര വസ്തുക്കൾ വിട്ടുകൊടുക്കേണ്ട സാഹചര്യത്തിൽ മാതൃഇടവക അതിനെ സർവശക്തിയും ഉപയോഗിച്ച് എതിർക്കും. ടി. വസ്തു/കെട്ടിടത്തിനായി മാതൃഇടവക പൊതുവായി മുടക്കിയ പണമാകും പ്രധാനമായും ഉയർത്തിക്കാട്ടുക. അടിസ്ഥാനപരമായി ഒരു വിഭാഗം പിരിഞ്ഞുപോകുമ്പോൾ *ഇടവക* എന്ന നിലയിൽ തങ്ങൾക്കു വർദ്ധിക്കുന്ന ചിലവാണ് മുഖ്യ കാരണം. കൂടാതെ ഒരു പരിധിവരെ വാശിയും. മറുവശത്ത് ഇതഃപര്യന്തം ഇടവകയ്ക്ക് തങ്ങൾ നൽകിയ സംഭാവനകൾ പുത്രീഇടവക ഉയർത്തിപ്പിടിക്കും. നല്കിയ തുകയല്ല, അതിന്റെ ഇന്നത്തെ വിപണിമൂല്യമാണ് കണക്കാക്കേണ്ടതെന്നും അവർ ചൂണ്ടിക്കാട്ടും. പരസ്പരം തട്ടിക്കിഴിച്ചാൽ തങ്ങൾക്ക് ഇങ്ങോട്ട് പിന്നേയും തരാനുണ്ടാകുമെന്നും അവർ വാദിക്കും.

പ്രാദേശികമായി പുതിയൊരിടവക രൂപംകൊള്ളുമ്പോൾ അതിനു ഭൂമിശാസ്ത്രപരമായി അതിർത്തി നിർണ്ണയിക്കാൻ ഇന്നു സാദ്ധ്യമല്ല. കാരണം ആ പരിധിക്കകത്തുള്ളവർ പൂർണ്ണമായും പുതിയ ഇടവകയെ അനുകൂലിച്ചില്ലെന്നു വരാം. പ്രാദേശിക സൗന്ദര്യപ്പിണക്കങ്ങളാണ് ഇതിനു മുഖ്യ കാരണം. അതിനുപരി, പഴയപള്ളി ഇടവകാംഗം എന്ന നിലയിൽ *മതിലേൽകുരുത്ത* തന്റെ പൂർവികത്വം പ്രദർശിപ്പിക്കാനുള്ള ത്വരയും ഇതിനു കാരണമാകും. ഈ ന്യൂനപക്ഷത്തിന്റെ അസ്ഥിത്വവും, അവരുടെ *ആത്മീയ ദിഷ്ടതികളും* ആയിരിക്കും പിന്നീട് മാതൃഇടവകയുടെ എതിർവാദ മുഖം. ശരിക്കും ഒരു കീറാമുട്ടി തന്നെയാണിത്.

ചരിത്രപരമായും കീഴ്വഴക്കങ്ങളനുസരിച്ചും പുതിയ ഇടവകകളുടെ രൂപീകരണവും ഇടവക വിഭജനവും പൂർണ്ണമായും ഇടവക മെത്രാപ്പോലീത്താ/മലങ്കര മെത്രാപ്പോലീത്തായുടെ അധികാര പരിധിയിൽ വരുന്നതാണ്. സഭാ ഭരണഘടനയിലെ ഒരു വകുപ്പും ഇതിനെതിരുമല്ല. പക്ഷേ മാതൃ ഇടവകയുടെ സ്വത്ത്/സെമിത്തേരി പങ്കുവയ്ക്കുന്ന വിഷയത്തിൽ മാത്രമാണ് ഇടവക പൊതുയോഗം കടന്നുവരുന്നത്. ഇടവകപ്പള്ളികളുടെ ലൗകികഭരണം ഇടവക പൊതുയോഗത്തിന് നിക്ഷിപ്തമായിരിക്കുന്നിടത്തോളം അത് ഭരണഘടനാപരമായ ഒരു അനിവാര്യതയാണ്. പക്ഷേ സ്വതന്ത്ര ഇടവക എന്ന ഒരു പ്രാദേശിക സമൂഹത്തിന്റെ ആഗ്രഹത്തെ മൃഗീയ ഭൂരിപക്ഷമുപയോഗിച്ചു പരാജയപ്പെടുത്തുന്നതും ജനാധിപത്യപരമല്ല. അവർ സഭ വിട്ടുപോകയല്ല, സഭയിലെ പുതിയൊരു ഘടകം (entity) ആയി മാറുകയാണ് ചെയ്യുന്നത് എന്നതിനാണ് ഇവിടെ പ്രാധാന്യം. സെമിത്തേരി പങ്കുവയ്ക്കുന്ന വിഷയത്തിൽ പുതിയ ഇടവക സഭ വിട്ടുപോകാത്ത കാലത്തോളം അവരുടെ അവകാശം ഹനിക്കപ്പെട്ടു എന്നു പറയാനാവില്ല.

1934-ൽ ഭരണഘടന പാസ്സാക്കുമ്പോൾ ഇത്തരം ഒരു സാദ്ധ്യത ഉരുത്തിരിഞ്ഞിരുന്നില്ല. അതിനാൽ ഈദൃശ്യ വിഷയങ്ങളേപ്പറ്റി ഭരണഘടന പരിപൂർണ്ണ നിശബ്ദത പാലിക്കുകയാണ്. അത് സ്വാഭാവികവുമാണ്. ഇടവക രൂപീകരണവും അതുമായി ബന്ധപ്പെട്ട സ്വത്തു വിഭജനവും കുറഞ്ഞപക്ഷം 1970-കൾ മുതൽ എങ്കിലും നിരന്തര പ്രശ്നമായതാണ്. ഇടവക പൊതുയോഗങ്ങളുടെ നിലപാടിനെ പുനഃപരിശോധിച്ച് ഒരു നിശ്ചയം ചെയ്യാൻ ഇന്ന് നിലവിൽ നിയമം ഇല്ല എന്നതാണ് വാസ്തവം. ഏകപക്ഷീയമായ ഏതു നിലപാടും വ്യവഹാരത്തിൽ കൊണ്ടെത്തിക്കും.

സമീപകാലത്ത് ആന്ധ്രാ സംസ്ഥാന വിഭജനത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാടിനെക്കുറിച്ച് ഇവിടെ ചിന്തിക്കുന്നത് പ്രസക്തമാണ്. തെലുങ്കാനാ ഭാഗക്കാരുടെ ഏതാണ്ട് പൂർണ്ണമായ ആവശ്യമായിരുന്നിട്ടും സീമാന്ധ്രാ പ്രദേശങ്ങളുടെ എതിർപ്പുമൂലം ആന്ധ്രാ നിയമസഭ, സംസ്ഥാന വിഭജനം അംഗീകരിക്കാൻ തയാറാകാഞ്ഞ സാഹചര്യത്തിൽ അത് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി നടപ്പിലാക്കി. ഇത്തരം ഒരു സംവിധാനത്തേപ്പറ്റി ചിന്തിച്ചുകൂടേ? *ഒരു ഇടവകയിൽ ഒരു പ്രദേശത്തു പാർക്കുന്നവരിൽ ഭൂരിപക്ഷം പുതിയ ഇടവക ആവശ്യപ്പെടുകയും, അതിനായി മാതൃഇടവകയുടെ ഏതെങ്കിലും സ്ഥാവര വസ്തുക്കൾ ആവശ്യമായി വരികയോ, സെമിത്തേരിയിൽ സഹകരണം ആവശ്യമായി വരികയോ ചെയ്യുകയും, മാതൃ ഇടവക അത് അംഗീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, ഈ വിഷയം ശരിയായ മാർഗ്ഗത്തിലൂടെ* (proper channel) *സഭാ മാനേജിംഗ് കമ്മറ്റിയിൽ കൊണ്ടുവരേണ്ടതാണ്. സഭാ മാനേജിംഗ് കമ്മിറ്റി എല്ലാ വശങ്ങളും പഠിച്ച്, വാദമുഖങ്ങൾ കേട്ട് ഈ വിഷയത്തിൽ എടുക്കുന്ന തീരുമാനം ക്രമപ്രകാരം അംഗീകരിക്കുന്നതോടുകൂടി നിലവിൽ വരുന്നതാണ്. അത് അന്തിമമായിരിക്കും* എന്ന് ഭരണഘടനയിൽ പുതിയൊരു വകുപ്പ് നിയമപരമായി കൂട്ടിച്ചേർത്തു കൂടേ? ഓരോ വിഷയവും പഠിക്കാൻ സുന്നഹദോസും മാനേജിംഗ് കമ്മിറ്റിയും സംയുക്തമായി ഒരു സബ്കമ്മറ്റിയെ നിയോഗിക്കുന്നത് പരിഹാരം സുഗമമാക്കും.

1876-ലെ മുളന്തുരുത്തി സുന്നഹദോസിന്റെ ... *ജാതിയുടെ പൊതുവിലേയ്ക്കു വേണ്ടുന്ന മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാരകർത്താക്കളും ഭാരവാഹികളും ആയി ഇവരെ (മാനേജിംഗ് കമ്മിറ്റിയെ) ചുമതലപ്പെടുത്തേണ്ടതും അവരുടെ നടപടികൾക്കു വേണ്ടുന്ന ശട്ടവട്ടങ്ങളെ നിശ്ചയിച്ചു ഉറപ്പിക്കേണ്ടതും അങ്ങനെ ചെയ്യുന്നപക്ഷം എല്ലാവിധ ഗുണവും സഭയ്ക്കു പൊതുവെ സിദ്ധിക്കുന്നതും ആകയാൽ ആ വകക്കു കൊള്ളാകുന്നവരും - പൊതുകാര്യത്തിലേയ്ക്ക് താല്പര്യമുള്ളവരും ആയി മേല്പറഞ്ഞ പട്ടക്കാരരെയും അയ്മേനികളെയും ഈ സുന്നഹദോസിൽ വെച്ചുതന്നെ സ്തിരപ്പെടുത്തുന്നതു ആവിശ്യമെന്നു യോഗം നിശ്ചയിച്ചുറപ്പിച്ചു.* ... എന്ന കാനോനാ പ്രകാരം ആത്യന്തിക അധികാരം അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. 1889-ൽ തിരുവിതാംകൂർ റോയൽകോർട്ട് സ്ഥിരപ്പെടുത്തിയ ഈ നിശ്ചയപ്രകാരമാണ് 1934-ൽ സഭാ ഭരണഘടന പാസ്സാക്കിയതും ആത്മീയ അധികാരവും മൊത്തത്തിലുള്ള മേൽക്കൈയും എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു നൽകിയതും. അതിനാൽത്തന്നെ ഇടവകവിഭജന പ്രശ്നത്തിൽ മാനേജിംഗ് കമ്മിറ്റിക്ക് ഉപരിതീരുമാനം എടുക്കത്തക്കവിധമുള്ള ഒരു ഭരണഘടനാ വകുപ്പ് നിയമപരമായി നിലനിൽക്കും. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി പ്രാതിനിധ്യ സ്വഭാവമുള്ള ഉപരിസഭയായതിനാലും, മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാപ്രകാരം *പൊതുവിലേയ്ക്കു വേണ്ടുന്ന മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാരകർത്താക്കളും ഭാരവാഹികളും* ആയതിനാലും അത്തരമൊരു നീക്കം ഇടവകയുടെ ജനാധിപത്യാവകാശത്തെ ഹനിക്കുന്നതായി വാദിക്കാനാവില്ല.

ഇതൊക്കെയാണെങ്കിലും അനിവാര്യമായ സാഹചര്യത്തിലൊഴികെ പുതിയ ഇടവകകളുടെ രൂപീകരണം ദീർഘകാലാടിസ്ഥാനത്തിൽ ആശാസ്യമാണോ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽക്കൂടി വ്യക്തമാക്കട്ടെ, പുതിയ ഇടവക പ്രഖ്യാപിക്കാനുള്ള അധികാരം മെത്രാപ്പോലീത്തായുടേത് മാത്രമാണ്. അതിൽ ഇടവക പൊതുയോഗത്തിന് ഇടപെടാൻ അവകാശമില്ല. സ്വത്തു വീതംവയ്ക്കുന്ന വിഷയത്തിൽ മാത്രമാണ് പൊതുയോഗം കടന്നുവരുന്നത്. അക്കാര്യത്തിൽ വ്യക്തമായ നിയമനിർമ്മാണം ഉണ്ടാകേണ്ടിയിരിക്കുന്നു. അത്തരം സാഹചര്യത്തിൽ സമവായം ഉണ്ടാകുന്നതുവരെ സ്വതന്ത്ര ചാപ്പൽ (autonomus) എന്ന രീതി പരീക്ഷിച്ചു കൂടെ?